# കേരള സർവകലാശാല

നം. പി.ആർ.188/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2017– സ്പോട്ട് അഡ്മിഷൻ ജനറൽ /മറ്റ് സംവരണ വിഭാഗങ്ങൾക്ക് ആഗസ്റ്റ് 24–ന് സ്പോട്ട് അഡ്മിഷൻ –കോളേജ് തലത്തിൽ

കേരള സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി കോളേജുകളിൽ 2017–18 അധ്യയന വർഷത്തെ ഒന്നാം ബിരുദ പ്രവേശനത്തിന് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് ആഗസ്റ്റ് 24–ന് അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 12.00 വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. ഈ സമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി ഉച്ചയ്ക്ക് 1.30 മുതൽ പ്രവേശനം നടത്തും. ആഗസ്റ്റ് 22–ന് നടന്ന എസ്.സി/എസ്.ടി. സ്പോട്ട് അഡ്മിഷന് ശേഷം ഒഴിവ് വന്ന സീറ്റുകൾ അർഹരായ മറ്റ് വിഭാഗങ്ങളിലേയ്ക്ക് നിയമാനുസൃതം മാറ്റി 24–ന് നടക്കുന്ന ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് കോളേജ് തലത്തിൽ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ നികത്തും. പ്രവേശന സമയത്ത് ആവശ്യമായ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും (ടി.സി.ഉൾപ്പടെ) കൈവശമുള്ളവരെ മാത്രമേ പ്രവേശനം നൽകുകയുള്ളൂ. സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ നോൺ–ക്രീമിലെയർ/ജാതി തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത പക്ഷം അവരെ സംവരണ സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിയ്ക്കുന്നതല്ല. കോളേജിൽ മുൻപ് പ്രവേശനം നേടിയ വിദ്യാർത്ഥിക്ക് അതേ കോളേജിലെ മറ്റ് കോഴ്സിലേയ്ക്ക് അർഹതയ്ക്കനുസരിച്ച് പ്രവേശനം നേടാവുന്നതാണ്. വിദ്യാർത്ഥികൾ നിലവിൽ ഓൺലൈൻ അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ മാത്രമേ സ്പോട്ട് അഡ്മിഷനു വേണ്ടി ഹാജരാകുവാൻ പാടുള്ളൂ. ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1525/– രൂപയാണ് സർവകലാശാല പ്രവേശനഫീസ്. പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഈ ഫീസ് ഒടുക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. പ്രിന്റൗട്ട് ഹാജരാക്കാത്ത ആരേയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്ന ഒഴിവുകളുടെ വിവരം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അതത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2017– തിരുവനന്തപുരം മുളയറ ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് & സയൻസ് കോളേജിലെ കോഴ്സുകളിലേയ്ക്ക് – പ്രവേശനം ഇന്ന് (23.08.2017)

കേരള സർവ്വകലാശാല പുതുതായി അഫിലിയേഷൻ നൽകിയ എയ്ഡഡ് കോളേജായ തിരുവനന്തപുരം മുളയറ ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് & സയൻസ് കോളേജിലെ ബി.എ.ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ, ബി.എ.ഇക്കണോമിക്സ്, ബി.കോം കോമേഴ്സ് & ടാക്സ് പ്രൊസീഡ്യർ & പ്രാക്ടീസ് എന്നീ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 23-ാം തീയതി രാവിലെ 9.00 മണിക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരാകേണ്ടതാണ്. രാവിലെ 11.30 വരെ ഹാജരാകുന്നവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. എസ്.സി./എസ്.ടി. സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത പക്ഷം അവരെ എസ്.സി./എസ്.ടി. സംവരണ സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. ടി.സി. ഉൾപ്പടെയുള്ള അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിയ്ക്കുന്നതല്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 840/- രൂപയും ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1525/- രൂപയുമാണ് സർവകലാശാല പ്രവേശനഫീസ്. പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഈ ഫീസ് ഒടുക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2017- സി.എ.എസ്. കലഞ്ഞൂരിൽ പുതിയ കോഴ്സുകൾ

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ മേഖലയിലെ സ്വാശ്രയ സ്ഥാപനമായ കലഞ്ഞൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ (ഐ.എച്ച്.ആർ.ഡി.) ബി.കോം കോമേഴ്സ് & ടാക്സ് പ്രൊസീഡ്യർ & പ്രാക്ടീസ, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ പുതുതായി അനുവദിയ്ക്കപ്പെട്ടിരിക്കുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 24-ാം തീയതി കോളേജിൽ അപേക്ഷ സമർപ്പിക്കണം. 26.08.2017-ന് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. ആഗസ്റ്റ് 29, 30, 31 തീയതികളിൽ പ്രവേശനം നടക്കും.

## എം.ബി.എ ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (2009 സ്കീം സപ്ലിമെന്ററി, യു.ഐ.എം, ഈവനിംഗ്) പരീക്ഷാഫലവും കരട് മാർക്ക്ലിസ്റ്റും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 11 വരെ അപേക്ഷിക്കാം.

## കേരള സർവകലാശാല ഒന്നാം സ്ഥാനത്ത്

ഗവേഷണപ്രബന്ധങ്ങൾ യു.ജി.സി ഇൻഫ്ലിബ്നെറ്റ് ശോധ്ഗംഗ സൈറ്റിൽ അപ്ലോഡു ചെയ്തതിൽ സംസ്ഥാനത്തെ സർവകലാശാലകളിൽ കേരള സർവകലാശാല ഒന്നാം സ്ഥാനത്ത് എത്തി. കേരള സർക്കാരിന്റേയും യു.ജി.സിയുടേയും സാമ്പത്തിക പിന്തുണയോടെ സർവകലാശാല ലൈബ്രറി യിലെ ഒരു സംഘം ജീവനക്കാരും ഇതിനായി നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമി തിയും നടത്തിയ കൂട്ടായ കഠിനപ്രയത്നത്തിലൂടെയാണ് സർവകലാശാലയ്ക്ക് ഈ നേട്ടം കൈവരിക്കാനായത്. ഇതിനകം സർവകലാശാലയിൽ നിന്ന് ഗവേ ഷണബിരുദം അവാർഡ് ചെയ്ത 2529 പ്രബന്ധങ്ങൾ ഓൺലൈനായി ലോക മാസകലമുള്ളവർക്ക് വായിക്കാനും പഠനത്തിന് വേണ്ടി ഉപയോഗപ്പെടുത്താ

നുമാകും. ഒരു വർഷം മുമ്പ് വരെ നൂറിൽ താഴെ പ്രബന്ധങ്ങളാണ് അപ് ലോഡ് ചെയ്തിരുന്നത്.

ഇതിനു പുറമെ ഇപ്പോൾ ലൈബ്രറിയിൽ മൂന്നര ലക്ഷത്തിലധികം പുസ്തകങ്ങൾ വിവിധ വിഷയങ്ങളിലായി ലഭ്യമാണ്. കൂടാതെ, 250-നുമേൽ അച്ചടിച്ച ജേർണലുകളും വ്യത്യസ്ത വിഷയങ്ങളിലായി 20000 ഇ-ജേർണലുകളും ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു വർഷത്തിനകം അഞ്ഞൂറ് ഗവേഷകർക്ക് ഒരേ സമയം പുസ്തകങ്ങളും ഓൺലൈൻ ജേർണലുകളും മറ്റു പ്രസിദ്ധീകരണങ്ങളും ഉപയോഗപ്പെടുത്താനാകുംവിധമുള്ള സജ്ജീകരണങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കും.

ആധുനിക ലൈബ്രറി സോഫ്റ്റ്‌വെയറായ കോഹ ചിങ്ങം ഒന്ന് മുതൽ പ്രവർത്തനക്ഷമമായതിലൂടെ ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാവുകയും കാര്യവട്ടം ക്യാമ്പസിലും പാളയം ക്യാമ്പസിലുമുള്ള അധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും മറ്റ് ജീവനക്കാർക്കും ഓൺലൈനായി ലൈബ്രറി കാറ്റലോഗുകൾ അവരവരുടെ ഇരിപ്പിടത്തിൽ നിന്ന് ഉപയോഗിക്കാനാവുകയും ആയിട്ടുണ്ട്.

ദുർലഭവും വിലപ്പെട്ടതുമായ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും ഡിജിറ്റൈസ് ചെയ്ത് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിലുള്ള പ്രോജക്ടിന്റെ രണ്ടാംഘട്ട പ്രവർത്തനവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെയും ലോകബാങ്കിന്റെയും എല്ലാ പ്രസിദ്ധീകരണങ്ങളും ലഭ്യമാകുന്ന സംസ്ഥാനത്തെ ഏക സർവകലാശാല ലൈബ്രറിയാണിത്.

## എം.എ/ എം.എസ്സി ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് 29-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്സി സപ്ലിമെന്ററി, മേഴ്സിചാൻസ് പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഹാൾടിക്കറ്റ് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കും.

## ബി.എ (അഫ്സൽ-ഉൽ-ഉലമ) പരീക്ഷ

കേരള സർവകലാശാല ജൂലൈ 24-ന് നടത്താനിരുന്ന ബി.എ (അഫ്സൽ-ഉൽ-ഉലമ) പാർട്ട് രണ്ട്, അറബി, പേപ്പർ ഒന്ന് പരീക്ഷ ആഗസ്റ്റ് 29-ന് നടത്തും. പരീക്ഷാകേന്ദ്രം, സമയം എന്നിവയിൽ മാറ്റമില്ല.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (2013-ന് മുമ്പ് പ്രവേശനം നേടിയവർക്ക്) രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 20 വരെ അപേക്ഷിക്കാം.

## ബി.എച്ച്.എം പരീക്ഷ

കേരള സർവകലാശാല നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) ആറാം സെമസ്റ്റർ പരീക്ഷകൾ (ഐ.ഇ.ടി ട്രെയിനിംഗ് റിപ്പോർട്ട് ആന്റ് വൈവ) ആഗസ്റ്റ് 25, 29 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ

കേരള സർവകലാശാല വെബ്സൈറ്റിൽ ([www.keralauniversity.ac.in](http://www.keralauniversity.ac.in)) ലഭിക്കും.

## ബി.ആർക്ക് ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ S1S2 ബി.ആർക്ക് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ ([www.keralauniversity.ac.in](http://www.keralauniversity.ac.in)) ലഭിക്കും.

## യു.ഐ.റ്റി കളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല പുതുതായി അനുവദിച്ച 11 യു.ഐ.റ്റി കളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് അതത് യു.ഐ.റ്റികളിൽ ആഗസ്റ്റ് 24-ന് സമർപ്പിക്കണം. അഡ്മിഷൻ വെബ്സൈറ്റിൽ ([www.admissions.keralauniversity.ac.in](http://www.admissions.keralauniversity.ac.in)) Click here to apply to new UITs എന്ന ലിങ്കിൽ ആണ് രജിസ്റ്റർ ചെയ്യേണ്ടത്.

## യാത്രയയപ്പ് നൽകി

കേരള സർവകലാശാല പ്രോ-വൈസ് ചാൻസലർ സ്ഥാനത്ത് നിന്നും വിരമിക്കുന്ന ഡോ. എൻ. വീരമണികണ്ഠന് ബഹു. വൈസ് ചാൻസലറുടെ ചേംബറിൽ യാത്രയയപ്പ് നൽകി. ചടങ്ങിൽ ബഹു. വൈസ് ചാൻസലർ ഡോ. പി.കെ രാധാകൃഷ്ണൻ അദ്ദേഹത്തിന് ഉപഹാരം നൽകി.




(ബഹു. വൈസ് ചാൻസലർ ഡോ. പി.കെ രാധാകൃഷ്ണൻ പ്രോ-വൈസ് ചാൻസലർ സ്ഥാനത്ത് നിന്നും വിരമിക്കുന്ന ഡോ. എൻ. വീരമണികണ്ഠന് ഉപഹാരം നൽകുന്നു)

## <u>സംഗീത വിരുന്ന് നൽകി</u>

**കേരള സർവകലാശാല മ്യൂസിക് ലവേഴ്സ് ഫോറം നവഗായകരെ പങ്കെടുപ്പിച്ച് ആഗസ്റ്റ് 24-ന് അരങ്ങേറ്റം എന്ന പേരിൽ ഒരു സംഗീത പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത ചടങ്ങിൽ കേരള സർവകലാശാല പ്രോ-വൈസ് ചാൻസലർ സ്ഥാനത്ത് നിന്നും വിരമിക്കുന്ന ഡോ. എൻ. വീരമണികണ്ഠനെ ആദരിച്ചു.**




**(ഭരണവിഭാഗം ജോയിൻസ് രജിസ്ട്രാർ ഡോ. പി. രാഘവൻ പ്രോ-വൈസ് ചാൻസലർ സ്ഥാനത്ത് നിന്നും വിരമിക്കുന്ന ഡോ. എൻ. വീരമണികണ്ഠന് ഉപഹാരം നൽകുന്നു)**

**തിരുവനന്തപുരം.**
**22.08.2017**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**